TUESDAY 24/12/2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**


Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/12/2024

1. നഗരവാസികൾക്കും വിനോദ സഞ്ചാരികൾക്കും വേണ്ടി കേരള വിനോദ സഞ്ചാര വകുപ്പ് തലസ്ഥാന നഗരിയിൽ വർഷാരംഭത്തോടനുബന്ധിച്ച് കനകക്കുന്ന് കൊട്ടാരത്തിലും നിശാഗന്ധി ഓഡിറ്റോറിയത്തിലും സംഘടിപ്പിക്കുന്ന പുഷ്പമേളയാണ് വസന്തോത്സവം. പുഷ്പാലങ്കാരങ്ങൾ, ഭക്ഷ്യമേള, നാടൻ-ഗോത്രവർഗ്ഗ കലാരൂപങ്ങളുടെ അവതരണം, കാർഷിക വസ്തുക്കൾ, വിത്തുകൾ, മറ്റ് നടീൽ വസ്തുക്കൾ, ഔഷധ പുഷ്പഫല സസ്യങ്ങൾ എന്നിവയുടെ പ്രദർശനം, വില്പന, എന്നിവയാണ് വസന്തോത്സവത്തിന്റെ പ്രധാന ആകർഷണം. ഈ വർഷത്തെ വസന്തോത്സവം വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രോമോഷൻ കൗൺസിലുമായി ചേർന്ന് ഇന്നു മുതൽ (2024 ഡിസംബർ 24 മുതൽ ജനുവരി 3 വരെ) കനകക്കുന്ന് കൊട്ടാരത്തിലും നിശാഗന്ധി ഓഡിറ്റോറിയത്തിലുമായി സംഘടിപ്പിക്കുന്നു.

2. മിൽമ മലപ്പുറം ഡെയറി, പാൽപ്പൊടി നിർമാണഫാക്ടറി ഉദ്ഘാടനം ഇന്ന് (24.12.2024ന്) മുഖ്യമന്ത്രി നിർവഹിക്കും. 10 മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള പാൽപ്പൊടി നിർമാണ ഫാക്ടറിയിൽ പ്രതിദിനം ഒരുലക്ഷം ലിറ്റർ പാൽ പൊടി ഉൽപ്പാദിപ്പിക്കും. 131.3 കോടി രൂപ ചെലവിട്ട് നിർമാണം പൂർത്തിയാക്കിയ മിൽമ മലപ്പുറം ഡെയറിയുടെയും പാൽപ്പൊടി നിർമാണ ഫാക്ടറിയുടെയും ഉദ്ഘാടനം ഇന്ന് (ഡിസംബർ 24ന്) വൈകീട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. മൂർക്കനാട്ടെ മിൽമ ഡെയറി കാമ്പസിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ജെ. ചിഞ്ചുറാണി അധ്യക്ഷത വഹിക്കും. മിൽമ ഡെയറി വൈറ്റ്നർ വിപണനോദ്ഘാടനം മന്ത്രി കെ.എൻ ബാലഗോപാൽ നിർവഹിക്കും.

3. സംസ്ഥാനത്തെ മുഴവൻ ബ്ലോക്ക് ആസ്ഥാനങ്ങളിലും മൊബൈൽ വെറ്ററിനറി യൂണിറ്റും ആംബുലൻസ് സംവിധാനവും ആരംഭിക്കുമെന്ന് മന്ത്രി ജെ ചിഞ്ചു റാണി പറഞ്ഞു. ഇന്ത്യൻ വെറ്ററിനറി

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അസോസിയേഷൻ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ക്ഷീരകർഷകരുടെ ക്ഷേമ ഇൻഷുറൻസ് ഉടൻ പ്രാബല്യത്തിലാക്കുമെന്നും മന്ത്രിപറഞ്ഞു.

4. ദേശീയ കാർഷിക ഏജൻസിയായ നബാർഡ് നടത്തിയ സർവ്വേയിൽ കേരളം കാർഷികവരുമാനത്തിൽ വലിയമുന്നേറ്റമുണ്ടാക്കിയതായി കണ്ടെത്തൽ. കാർഷികവരുമാനം ഏറ്റവും കൂടിയ ആദ്യതെമൂന്നു സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയെന്നാണ് സർവ്വേ വിലയിരുത്തൽ. ഒന്നാം സ്ഥാനം പഞ്ചാബും രണ്ടാം സ്ഥാനം ഹരിയാനയും നിലനിർത്തിയെത്തിയപ്പോൾതൊട്ടുപിന്നിൽ മൂന്നാമതായി കേരളമെത്തി. വൻകിട കാർഷികോല്പാദനം കാലങ്ങളായിനടക്കുന്ന സംസ്ഥാനങ്ങളാണ് പഞ്ചാബും ഹരിയാനയും. അതിനൊപ്പം ഭൂമിലഭ്യത കുറഞ്ഞ, കാർഷികവൃത്തിയിൽനിന്ന് അകന്നുകഴിഞ്ഞിരുന്ന കേരളവും എത്തി എന്നത് ശ്രദ്ധേയമാണ്.

5. പൂക്കളുടെ വർണ്ണ ലോകത്തേക്ക് കൊച്ചിയെ കൈപിടിച്ച് കൊച്ചിൻ ഫ്ലവർ ഷോയ്ക്കു മറൈൻഡ്രൈവിൽ തുടക്കമായി. രാവിലെ 9 മുതൽ രാത്രി 10 വരെയാണു പ്രദർശന സമയം. ജനുവരി ഒന്നു വരെ നടക്കുന്ന ഫ്ലവർ ഷോയുടെ സംഘാടനം ജില്ലാ അഗ്രി ഹോർട്ടികൾചർ സൊസൈറ്റിയും ജിസിഡിഎയും ചേർന്നാണ്. ക്രിസ്മസ് ആഘോഷങ്ങൾക്കു നിറം പകർന്ന് ബ്രൊമിലിയാട്സ്, ജമന്തി എന്നിവ കൊണ്ടുള്ള ക്രിസ്മസ് ട്രീ കാഴ്ചക്കാരെ ആകർഷിക്കും. നെതർലൻഡ്സിൽ നിന്നും വ്യത്യസ്ത നിറങ്ങളിലും ഇനങ്ങളിലുമുള്ള കലാലില്ലി. 10 വർണങ്ങളിലും ഇനത്തിലുമുള്ള അയ്യായിരത്തോളം പൊയിൻസിറ്റിയ എന്നിവയൊരുക്കുന്നതു നിറപ്പൊലിമയാണ്. കേരളത്തിൽ ആദ്യമായാണു കലാ ലില്ലിയുടെ വിപുലമായ പ്രദർശനം. നിലം തൊടുന്ന ഇലകളുള്ള ബോസ്റ്റൺ ഫേൺ തായ്‌ലൻഡ് സ്വദേശിയാണ് ഫ്ലവർ ഷോയിലുള്ള മയിൽരൂപം ഒരുക്കിയത് 37,850 പച്ചമുളകിലാണ്. ഇതുകൂടാതെ, 5000ൽ ഏറെ ഓർക്കിഡുകൾ, അഡീനിയം, ആന്തൂറിയം, റോസ്, ബോൺസായ് ചെടികൾ. സലന്റ് ചെടി കൾ തുടങ്ങിയവയുംഫ്ലവർ ഷോയിലുണ്ട്. ടിക്കറ്റ് നിരക്ക് മുതിർന്നവർക്കു 100 രൂപ കുട്ടികൾക്ക് 50 ഗ്രൂപ്പായി വരുന്ന കുട്ടികൾക്ക് ടിക്കറ്റ് നിരക്കിളവുണ്ടാകും.

6. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാനവ്യാപനവിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ 35 ദിവസം പ്രായമായ BV 380 കോഴികുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് 160/- രൂപ (നൂറ്റി അറുപത് രൂപ മാത്രം). ബുക്കിങ്ങിനായി രാവിലെ 10 മണി മുതൽ 4 മണി വരെ 0487 2370773 എന്ന ഫോൺ നമ്പരിൽ വിളിക്കേണ്ടതാണ്.

7. കൂടുകൃഷിയിൽ വിള വെടുത്ത, കരിമീനും കാളാഞ്ചിയും ചെമ്പല്ലിയും വാങ്ങാൻ കൊച്ചി സിഎംഎഫ്ആർഐ അവസരമൊരുക്കുന്നു. കർഷകർ നേരിട്ടെത്തിക്കുന്ന മീനുകളുടെ വിൽപന മേള ഇന്നു വരെ (24.12.2024) സിഎംഎഫ്ആർഐയിൽ നടക്കും. സിഎംഎഫ്ആർഐയുടെ പരിശീലനത്തിൽ നടത്തിയ കുടു കൃഷിയിൽ നിന്നാണു വിളവെടുപ്പ്. ശുദ്ധമായ മത്സ്യങ്ങൾ ഇടനിലക്കാരില്ലാതെ ആവശ്യക്കാരിൽ എത്തിക്കുകയാണു മേളയുടെ ലക്ഷ്യം. കൊടുങ്ങല്ലൂരിലെ ബ്ലു പേൾ മത്സ്യ കർഷക ഉൽപാദന സംഘവുമായി സഹകരിച്ച് സിഎംഎഫ്ആർഐയുടെ അഗ്രികൾചറൽ ടെക്നോളജി ഇൻഫർമേഷൻ സെൻ്ററർ ആണു വിൽപന മേള സംഘടിപ്പിക്കുന്നത്. രാവിലെ 7 മുതൽ വൈകിട്ട് 6 വരെയാണ് സമയം. കൂടുതൽ വിവരങ്ങൾക്ക് 0484 2394867 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

### പരിശീലന പരിപാടി

8. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. 2024 ഡിസംബർ 30-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം